# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 178** **26/09/2016-ൽ മറുപടിക്ക്**

## വ്യാജ ആയുർവേദ മരുന്നുകൾ

**ചോദ്യം**

**ശ്രീ.എൻ.ഷംസുദ്ദീൻ**

**മറുപടി**

**ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പമന്ത്രി)

എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ച് സർക്കാർ ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ടോ;

എ) ഉണ്ട്. ഡ്രഗ്സ് & കോസ്മെറ്റിക് ആക്ട് ആന്റ് റൂൾസിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം സംസ്ഥാനത്ത് ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം നിർണ്ണയിക്കേണ്ടത് നിർബന്ധമാണ്. ഗുണനിലവാര നിർണ്ണയത്തിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ കീഴിൽ പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി എന്നിവിടങ്ങളിൽ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. കൂടാതെ ആയുഷ് അംഗീകരിച്ച 7 സ്വകാര്യ ലബോറട്ടറികളിലും സൗകര്യമുണ്ട്. മാത്രമല്ല കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം, ലൈസൻസ് നൽകുന്ന എല്ലാ സ്ഥാപനങ്ങൾക്കും ജി.എം.പി സൗകര്യത്തോടുകൂടിയ ഇൻഹൗസ് ലബോറട്ടറി സംവിധാനം നിലവിലുണ്ട്. അവരവർ നിർമ്മിക്കുന്ന ഔഷധങ്ങൾ സ്വന്തം ലാബിൽ ഗുണനിലവാര പരിശോധന നടത്തി മാത്രമേ വിൽപ്പന നടത്താവൂ എന്നും നിബന്ധനയുണ്ട്. അതോടൊപ്പം ഗുണനിലവാര നിർണ്ണയം ത്വരിതപ്പെടുത്തുന്നതിനായി ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സ്ഥാപന പരിശോധന നടത്തി, സാമ്പിളുകൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്ക് ഗുണനിലവാര പരിശോധനയ്ക്കായി അയയ്ക്കുകയും ചെയ്യുന്നുണ്ട്.

→

| | | | |
|---|---|---|---|
| ബി) | ആയുർവേദ മരുന്നുകൾ എന്ന പേരിൽ വ്യാജമരുന്നുകൾ സംസ്ഥാനത്തുടനീളം വിൽക്കപ്പെടുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) & സി) | ഉണ്ട്. ഇത്തരം പരാതികൾ ലഭിച്ചാൽ ഉടൻതന്നെ സ്ഥാപനം പരിശോധിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുകയും ഔഷധങ്ങളുടെ സാമ്പിൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്ക് ഗുണനിലവാര നിർണ്ണയത്തിന് അയയ്ക്കുകയും ചെയ്യുന്നു. പരിശോധനാ റിപ്പോർട്ടിൽ ഗുണ-നിലവാരം ഉറപ്പാക്കാത്ത ഔഷധങ്ങൾ ഉടൻ തന്നെ മാർക്കറ്റിൽ നിന്നും പിൻവലിക്കുകയും നിർമ്മാതാവിനെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| സി) | ഇതിനെതിരെ കർശന നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | | |

Beena

സെക്ഷൻ ഓഫീസർ